On.16/3/22

9/3/22


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


**ഹർജി നമ്പർ AP. 1380*(7)/2014*/*എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

**(ഫയൽ നമ്പർ 7873/*എസ്.ഐ.സി-ജി 6/2014*)**

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. എ.കെ.കരീം,
S/o ബഷീർ,
ആല്ല്യാമക്കാനകത്ത് വീട്,
പൊന്നാനി സൗത്ത് പി.ഒ.,
പോലീസ് സ്റ്റേഷനു സമീപം,
മലപ്പുറം ജില്ല. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
വാണിജ്യ നികുതി ഓഫീസർ,
വാണിജ്യ നികുതി ഓഫീസറുടെ കാര്യാലയം,
പൊന്നാനി.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി കമ്മീഷണർ,
വാണിജ്യ നികുതി വകുപ്പ്,
മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27.01.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | - |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 25.02.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | - |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 23.04.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 29.05.2014 |
| ഹിയറിംഗ് നടന്ന തീയതി | 08.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.കെ.കരീം, 23.04.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 29.05.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1380(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 27.01.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, പൊന്നാനി പോർട്ടിന്റെ പരിധിയിൽപ്പെടുന്ന 2.41 .k.m. പുഴയിൽ മാന്വൽ ഡ്രഡ്ജിംഗിൽ ഏർപ്പെട്ടിരുന്ന സൊസൈറ്റികളിൽ സൗത്ത് മലബാർ മണൽ മാർക്കറ്റിംഗിന്റെ പ്രോസസിംഗ് സൊസൈറ്റിയുടെ കടവിൽ നിന്നും മണൽ കയറ്റിപ്പോകുന്ന വാഹനങ്ങൾ നികുതി വെട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയുന്നതിന് 10 അന്വേഷണങ്ങൾ അടങ്ങുന്ന ഒരപേക്ഷ 22.08.2013ന് പൊന്നാനി സെയിൽ ടാക്സ് ഓഫീസിലെ എസ്.പി.ഐ.ഒ.യ്ക്ക് നൽകിയിരുന്നുവെന്നും നിശ്ചിത സമയപരിധിയ്ക്കകം എസ്.പി.ഐ.ഒ.യിൽ നിന്നും മറുപടി ലഭിക്കാത്തതിനാൽ പൊന്നാനി ഓഫീസിൽത്തന്നെയാകും അപ്പീൽ നൽകേണ്ടതെന്ന നിഗമനത്തിൽ 28.09.2013ന് അപ്പീൽ ഹർജി സമർപ്പിച്ചുവെന്നും ടി അപ്പീലിന് മറുപടി ലഭിക്കാത്തതിനാൽ മഞ്ചേരി സെയിൽടാക്സ് ഓഫീസിലെ അപ്പീൽ അധികാരിയ്ക്ക് 30.11.2013ന് അപ്പീൽ ഹർജി നൽകിയെന്നും ആയതിന് 20.12.2013ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, പൊന്നാനി വാണിജ്യ നികുതി ഓഫീസറുടെ മേലധികാരി ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്), വാണിജ്യ നികുതി വകുപ്പല്ല എന്നു പറഞ്ഞുകൊണ്ട് ടിയാന്റെ അപ്പീൽ നിരസിച്ചുവെന്നുമാണ്.

4. 06.02.2014ന് അപ്പീൽ അധികാരി ഹർജിക്കാരന് നൽകിയ കത്തിൽ പ്രസ്താവിച്ചിരുന്നത്, ടിയാന്റെ അപ്പീൽ ഹർജി അന്തിമ തീർപ്പു കൽപ്പിക്കുന്നതിനായി ടിയാന്റെ വാദം കേൾക്കുന്നതിന് 13.02.2014ന് 12 മണിക്ക് മലപ്പുറം വാണിജ്യ നികുതി ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസിൽ നേരിട്ട് ഹാജരാകണമെന്നാണ് .

5. 22.07.2014ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ പൊന്നാനി വാണിജ്യ നികുതി ഓഫീസറുടെ കാര്യാലയത്തിൽ 22.08.2013ന് ഫയൽ ചെയ്ത അപേക്ഷയ്ക്ക് മറുപടി ലഭിച്ചിട്ടില്ല എന്നാണ് അപ്പീൽ ഹർജിയിൽ ആക്ഷേപമുന്നയിച്ചിരിക്കുന്നതെന്നും എന്നാൽ എസ്.പി.ഐ.ഒ./വാണിജ്യ നികുതി ഓഫീസ്, പൊന്നാനി 17.03.2014ലെ കത്തു പ്രകാരം അയച്ചിട്ടുള്ളത് ടി കക്ഷി 22.08.2013ന് ടി ഓഫീസിൽ വിവരാവകാശ അപേക്ഷ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല എന്നും 23.07.2013ന് ടി ഓഫീസിൽ സമർപ്പിച്ച അപേക്ഷയ്ക്ക് 03.08.2013ന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങളിൽ ഒന്നാമത്തേത് 27.8.2013ന് ടി ഓഫീസിൽ സമർപ്പിച്ച പരാതിയെ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനാണ്. ആയതിന് പൊന്നാനി ഓഫീസർ നൽകിയ മറുപടിയിൽ ടിയാന്റെ അപേക്ഷ തിരൂർ വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന് അന്വേഷണത്തിനായി അയച്ചുകൊടുത്തിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി ഹർജിക്കാരനെ അറിയിക്കാൻ ടി ഓഫീസിൽ നിന്നും 29.01.2014ലെ ഉത്തരവിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും രണ്ടാമത്തെ ചോദ്യവും ഇതു സംബന്ധിച്ചുതന്നെയാണെന്നും ഇതിനും മറുപടി കൊടുക്കാൻ വാണിജ്യ നികുതി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ചോദ്യം നമ്പർ 3, 4, 6, 7, 10 എന്നിവ വിവരാവകാശ നിയമത്തിൽ 'വിവരം ' എന്ന ഗണത്തിൽപ്പെടുന്നവയല്ലെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് ലഭ്യമായ മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ 22.08.2013ന് നൽകിയ അപേക്ഷയ്ക്ക് നിശ്ചിത സമയത്തിനു

ളളിൽ മറുപടി നൽകാത്തതിലാണ് ഒന്നാം അപ്പീൽ നൽകിയതെന്നും ആയ തിനും മറുപടി ലഭിച്ചില്ലെന്നും ടിയാന് മറുപടി ലഭ്യമാക്കണമെന്നുമാണ്. മൊഴിയും അനുബന്ധരേഖകളും 01.02.2022ലെ എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ടും പരിശോധിച്ചതിൽ ടി വിഷയം സംബന്ധിച്ച് ബഹു.മുഖ്യ വിവ രാവകാശ കമ്മീഷണർ തീർപ്പുകൽപ്പിച്ചിട്ടുള്ളതിനാൽ ഈ അപ്പീൽ ഹർജി യിന്മേൽ കൂടുതൽ ഇടപെടലുകൾ ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേ ദിവസം 2022 മാർച്ച് 09-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/